


Thrissur Pooram Donations may please be sent to **The Secretary, Thiruvambady Devaswom, Round West, Thrissur 680 001** Cheques/DD may be drawn in favour of Thiruvambady Devaswom. Online remittances are possible through the below Account details or QR Code.

തൃശൂർ പൂരം സംഭാവനകൾ **സെക്രട്ടറി, തിരുവമ്പാടി ദേവസ്വം റൗണ്ട് വെസ്റ്റ്, തൃശൂർ 680 001** എന്ന വിലാസത്തിൽ അയക്കുക. ചെക്കുകൾ / ഡ്രാഫ്റ്റുകൾ എന്നിവ 'തിരുവമ്പാടി ദേവസ്വം' എന്ന പേരിൽ എടുക്കുവാൻ താൽപ്പര്യപ്പെടുന്നു. ഓൺലൈൻ ആയി സംഭാവനകൾ താഴെ പറയുന്ന ബാങ്ക് അക്കൗണ്ടിലോ QR കോഡ് വഴിയോ അയക്കാവുന്നതാണ്.

Bank Account Details
**Thiruvambady Devaswom**
**BANK OF BARODA**
**Thiruvambady Devaswom Branch**
**A/c. No. 74830100005903**
**IFSC BARB0VJTHRI (Fifth Character is Zero)**

Tel : (Off) 0487 2335254, (Temple) 0487 2334354, (Devaswom Manager) 8593000831, (Temple Manager) 8593000832

DESIGN & PRINTED BY TAURUS CREATIVE HUB 9961339990



# തിരുവമ്പാടി ദേവസ്വം
# THIRUVAMBADY DEVASWOM



തൃശ്ശൂർ പൂരം 2024
തിരുവമ്പാടി ദേവസ്വം



THE GRAND ANNUAL EVENT OF **THRISSUR**

**2024 APRIL 19 -20**

THRISSUR POORAM 2024
THIRUVAMBADY DEVASWOM







## THIRUVAMBADY DEVASWOM

# AN APPEAL

Thrissur
10.02.2024

Blessed Self,

The most spectacular and divine festival on this planet, **THE THRISSUR POORAM, WILL BE CELEBRATED AGAIN !**

This year the **Pooram season commences on 13th April 2024 and culminates on 20th of April. The days of the festivities are on 19th and 20th of April.** A sample display of fire works will be conducted on 17th of April and an exhibition of elephant accoutrements will take place on 17th and 18th of April. The main fire works display will be completed before sunrise on 20th of April.

Processions of caparisoned elephants, enchanting percussion ensembles like Panchavadyam and Pandimelam and a colourful display of dazzling fireworks, are the main features of Thrissur Pooram.

The Divine Durbar which will be held during the evening hours of 19th April on the ramparts of the Southern Gopuram of the Sree Vadakkunnathan Temple, at which the 15 each strong arrays of decorated elephants of Thiruvambady and Paramekkavu, stand face to face, 100 meters apart, amidst an ocean of humanity and the siliken parasols atop of the elephants would be changed minute after minute, colour after colour, in quick succession, the peacock feather fans held aloft and the yak tail bunches waved to the tune of the accompanying orchestra is a scene which no one can witness or replicate anywhere else in the world.

More than two centuries ago, the then ruler of the erstwhile Cochin State, H. H. Ramavarma, known popularly as Sakthan Thampuran, choreographed Thrissur Pooram. Though 10 temples are taking part in the festival, Pooram is mainly the show of the 2 major participants - the Thiruvambady and Paramekkavu temples to stage this colourful extravaganza.

We record and express our gratefulness unto you for all what you have been to Thrissur Pooram in the past. We request you to kindly extend your benevolence and co-operation this year also to the cause of pooram, the pride & prestige of Thrissur. It is an event which fosters inter-religious co-operation and communal harmony at the Cultural Capital of Kerala.

May Lord Unnikrishna and Goddess Bhagavathy bless us all.

With regards on behalf of the Thiruvambady Devaswom

**Dr. Sundar Menon**
**President**

**K. Gireesh Kumar**
**Secretary**

## തിരുവമ്പാടി ദേവസ്വം

# അഭ്യർത്ഥന

തൃശ്ശൂർ
10.02.2024

ഭൂമിയിലെ വർണവും, താളവും, ദൃശ്യവും ഒരു പോലെ സമന്വയിക്കുന്ന ഏക ഉത്സവക്കാഴ്ചയെന്ന് ലോകം വിളംബരം ചെയ്ത **തൃശ്ശൂർ പൂരം ഈ വർഷം 2024 ഏപ്രിൽ 19നും 20നും (1199 മേടം 06 വെള്ളിയാഴ്ച്ചയും മേടം 07 ശനിയാഴ്ച്ചയും)** ശക്തൻ തമ്പുരാന്റെ തട്ടകത്ത് അരങ്ങേറുകയാണ്.

ഏപ്രിൽ 13ന് (1199 മീനം 31 ശനിയാഴ്ച്ച) കൊടിയേറുന്ന ഈ പുരങ്ങളുടെ പൂരം ഏപ്രിൽ 17ന് സാമ്പിൾ വെടിക്കെട്ടോടെ, ഏപ്രിൽ 17നും 18നും നടക്കുന്ന ചമയപ്രദർശനത്തോടെ ശ്രീ വടക്കും നാഥന്റെ സന്നിധിയിൽ വിസ്മയകാഴ്ച്ചകൾ ഒരുക്കും പിന്നീട് 36 മണിക്കൂർ നീണ്ട വിസ്മയങ്ങളുടെ കലവറകൾ തുറക്കും. ഏപ്രിൽ 20ന് ഉച്ചക്ക് ശ്രീമൂലസ്ഥാനത്ത് ഉപചാരം ചൊല്ലിപ്പിരിയുന്നതുവരെ തൃശ്ശൂർ നഗരം ആനന്ദദായകമായ പൂര ലഹരിയിൽ മുഴുകും.

ഉജ്ജ്വലശോഭയുള്ള പുത്തൻചമയങ്ങളണിഞ്ഞ ഗജവീരൻമാർ നിരക്കുന്ന എഴുന്നള്ളിപ്പുകൾ, വാദ്യകലയുടെ അസുലഭമായ അനുഭൂതിയിലേക്ക് എത്തുന്ന പഞ്ചവാദ്യം, പാണ്ടിമേളം, മാനം നിറയുന്ന വർണ്ണങ്ങളും ശബ്ദവും മേളിക്കുന്ന വെടിക്കെട്ട്, നയനാഭിരാമമായ അലങ്കാരഗോപുരങ്ങൾ, ദീപാലങ്കാരങ്ങളുടേയും തോരണങ്ങളുടേയും വർണ്ണപ്പകിട്ട് എല്ലാം ലക്ഷകണക്കിനു മനുഷ്യമനസ്സുകളിൽ പൂരാവേശം ജനിപ്പിക്കുന്നു.

പൂരദിവസം വൈകുന്നേരം ശ്രീവടക്കുന്നാഥക്ഷേത്രത്തിന്റെ തെക്കെ ഗോപുരത്തിനുമുന്നിൽ തിരുവമ്പാടിയുടെ സർവ്വാലങ്കാരഭൂഷിതരായ 15 ഗജങ്ങളുടെ നിരയും അതിനഭിമുഖമായി തെക്കെ പ്രദക്ഷിണവഴിയിൽ പാറമേക്കാവിന്റെ ഗജനിരയും നിലയുറപ്പിച്ച് ജനസമുദ്രത്തെ സാക്ഷിയാക്കി നടത്തുന്ന കൂടിക്കാഴ്ചയും, ഒരു സെറ്റിന് മറ്റൊരു സെറ്റ് എന്ന നിലയിൽ ആന പുറത്ത് പട്ടുകുടകൾ തുടർച്ചയായി മാറ്റികൊണ്ട് നിർവ്വഹിക്കുന്ന കുടമാറ്റവും മനുഷ്യന്റെ സൗന്ദര്യബോധത്തിന്റെ ഉത്തമ സാക്ഷ്യങ്ങളാണ്. ശക്തൻതമ്പുരാൻ വിഭാവനം ചെയ്ത രീതിയിൽ തന്നെയാണ് ഇന്നും തിരുവമ്പാടിയും പാറമേക്കാവും പൂരം നടത്തുന്നത്. വേറെ 8 ഘടക ക്ഷേത്രങ്ങൾ കൂടി പൂരത്തിൽ പങ്കെടുക്കുന്നുണ്ട്. അവർക്ക് ആനകളും ചമയങ്ങളും സാമ്പത്തിക സഹായങ്ങളും ഈ ദേവസ്വ ങ്ങളാണ് നൽകിവരുന്നത്.

മുൻ കാലങ്ങളിൽ താങ്കളിൽ നിന്നുണ്ടായിട്ടുള്ള എല്ലാവിധ സഹായങ്ങൾക്കും നന്ദി രേഖപ്പെടുത്തുന്നു. കോടികളുടെ ഉത്സവചിലവ് വരുന്നതാണ് നമ്മുടെ പൂരം. ഈ കൊല്ലവും അതിന്റെ പ്രൗഢിക്കൊത്ത് വർണ്ണാഭമാക്കാൻ താങ്കളുടേയും സുഹൃത്തുക്കളുടേയും, താങ്കളുമായി ബന്ധപ്പെട്ട സ്ഥാപനത്തിന്റെ/ സ്ഥാപനങ്ങളുടെയും നിർലോഭമായ പങ്കാളിത്തവും സഹായ സഹകരണങ്ങളും ഉണ്ടാവണമെന്ന് വിനയ പൂർവ്വം അപേക്ഷിക്കുന്നു.

തിരുവമ്പാടി ഉണ്ണിക്കണ്ണനും ശ്രീഭഗവതിയും ഏവരേയും അനുഗ്രഹിക്കുമാറാകട്ടെ

സ്നേഹാദരങ്ങളോടെ

**ഡോ. സുന്ദർ മേനോൻ**
**പ്രസിഡണ്ട്**

**കെ. ഗിരീഷ് കുമാർ**
**സെക്രട്ടറി**

